പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5346 15.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.റ്റി.സി. സർവ്വീസുകളുടെ സമയക്രമം

ചോദ്യം

ശ്രീ.വി. അബ്ദുറഹിമാൻ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിശേഷിച്ച് കെ.എസ്.ആർ.റ്റി.സി സർവ്വീസുകൾ കൂടുതലുള്ള തെക്കൻ ജില്ലകളിലെ ഡിപ്പോകളിൽ നിന്നും യാതൊരു സമയക്രമവും പാലിക്കാതെ സർവ്വീസ് ഓപ്പറേറ്റ് ചെയ്ത് യാത്രക്കാർക്ക് ദുരിതവും കെ.എസ്.ആർ.റ്റി. സി.ക്ക് വൻനഷ്ടവും ഉണ്ടാകുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കെ.എസ്.ആർ.ടി.സി.യുടെ തെക്കൻ മേഖലാ പരിധിയുടെ കീഴിലുള്ള യൂണിറ്റുകളിൽ നിന്നും കൃത്യമായ ക്രോണോളജി പ്രകാരം തയ്യാറാക്കിയ ഷെഡ്യൂളുകൾ അനുസരിച്ചാണ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നത്. |
| (ബി) | കെ.എസ്.ആർ.റ്റി.സി. സർവ്വീസുകളുടെ സമയക്രമം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ; | (ബി) | പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ പ്രത്യേകം വിന്യസിച്ച് ഷെഡ്യൂളുകളുടെ സമയക്രമം പാലിക്കുന്നത് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ പ്രധാനപ്പെട്ട പോയിന്റുകളിൽ ടി ആവശ്യത്തിലേയ്ക്കായി ഇൻസ്പെക്ടർമാരെ പോസ്റ്റ് ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.റ്റി.സി.യിൽ യാത്രാ ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്ക് വാഹനം എവിടെയെത്തി എന്ന് മുൻകൂട്ടി അറിയുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി ബസുകളുടെ സ്ഥിതിഗതി കൃത്യമായി അറിയുന്നതിന് ബസുകളിൽ ജി.പി.എസ് സംവിധാനം ഘടിപ്പിക്കേണ്ടതുണ്ട്. തൽസമയ വിവരം ലഭ്യമാക്കുന്ന രീതിയിൽ കെ.എസ്.ആർ.ടി.സി ബസുകളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതിന്, കേന്ദ്ര നിയമം നിഷ്കർഷിച്ചിരിക്കുന്ന AIS 140 അംഗീകാരമുള്ള ജി.പി.എസ് സംവിധാനമാണ് ബസുകളിൽ സ്ഥാപിക്കേണ്ടത്.<br>06.9.2019 ൽ ഗതാഗത കമ്മീഷണർ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, All India Road |

| | | | |
|---|---|---|---|
| | | | Transport Vehicles Federation എന്നിവരുമായി നടത്തിയ ചർച്ചയിൽ ജി.പി.എസ് ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രായോഗിക വശങ്ങൾ വിലയിരുത്തിയുള്ള പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗതാഗത സെക്രട്ടറി, ഗതാഗത കമ്മീഷണർ, റോഡ് സേഫ്റ്റി കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**